## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല – കളമശ്ശേരി നഗരസഭ, തൃക്കാക്കര നോർത്ത് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന Indoor Court, Football Turf (without roof) എന്നിവ ക്രമവത്ക്കരിക്കുന്നതിനായി കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കളമശ്ശേരി നഗരസഭ സെക്രട്ടറിയുടെ 09/03/2023 തീയതിയിലെ ബിഎ2-354/2022 നമ്പർ കത്ത്.

2. എറണാകുളം ജില്ലാ ടൗൺപ്ലാനറുടെ 11/04/2023 ലെ TCPEKM/367/2023-D നമ്പർ കത്ത്.

==================================================================

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/28297/2023-TCPA2 തീയതി:15-11-2023

==================================================================

എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭ പരിധിയിലുള്ള തൃക്കാക്കര നോർത്ത് വില്ലേജിൽ റീ സർവ്വേ നമ്പർ 328/2-4-ൽ ഉൾപ്പെട്ട 39096 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 769.20 ച.മീ ഏരിയ വരുന്ന നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ The Director, St.Joseph's Hospital, Manjummel.P.O, Ernakulam-ന്റെ അപേക്ഷ പരിശോധിച്ചിതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി structure Plan for Central City of Kochi പ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും

124720/2023

നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

4. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.
5. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം/ 2018 കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) എന്നീ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
6. ചട്ടപ്രകാരമുള്ള പാർക്കിങ്, സാനിറ്റേഷൻ എന്നിവ നൽകിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, കളമശ്ശേരി നഗരസഭ, എറണാകുളം-682033

പകർപ്പ്:-

1. The Director, St.Joseph's Hospital, Manjummel.P.O, Ernakulam
2. ജില്ലാ ടൗൺപ്ലാനർ, എറണാകുളം
3. വെബ് സൈറ്റ് /DED സെക്ഷൻ
4. കരുതൽ ഫയൽ
5. അധികം